# ആരാണ് മുസ്‌ലിം?

عَنْ اَنَسِ بْنِ مَالِكٍ قَالَ قَالَ رَسُولُ اللَّهِ ﷺ مَنْ
صَلَّى صَلَاتَنَا وَاسْتَقْبَلَ قِبْلَتَنَا وَأَكَلَ ذَبِيحَتَنَا فَذَلِكَ الْمُسْلِمُ الَّذِي لَهُ
ذِمَّةُ اللَّهِ وَذِمَّةُ رَسُولِهِ فَلَا تُخْفِرُوا فِي ذِمَّتِهِ (بخارى)

**അനസുബ്നു മാലികി(റ)ൽനിന്ന് നിവേദനം: നബി (സ) പ്രസ്താവിച്ചതായി അദ്ദേഹം പറഞ്ഞു: "നമ്മുടെ നമസ്കാരം നമസ്കരിക്കുകയും നമ്മുടെ ഖിബ്‌ലയെ ഖിബ്‌ലയാക്കുകയും നാം അറുത്തത് തിന്നുകയും ചെയ്യുന്നവനാരോ, അവൻ മുസ്‌ലിമാകുന്നു. അല്ലാഹുവിനും അവന്റെ ദൂതന്നും അവനിൽ ഉത്തരവാദിത്വമുണ്ട്. അതിനാൽ അല്ലാഹുവിന്റെ ഉത്തരവാദിത്വത്തെ ലംഘിക്കാതിരിക്കുവിൻ."**

ഈ തിരുവചനത്തിന്റെ ആശയം ശരിക്ക് ഗ്രഹിക്കുന്നതിന് അതിന്റെ പശ്ചാത്തലവും കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. നബി(സ)യുടെ കാലത്ത് ഇസ്‌ലാമികപ്രബോധനം ശക്തിയും സ്വാധീനവും നേടിയപ്പോൾ ആളുകൾ തുരുതുരാ മുസ്‌ലിംകളായിക്കൊണ്ടിരുന്നു. ഇങ്ങനെ വന്നുകൊണ്ടിരുന്ന നവമുസ്‌ലിംകളിൽ ചിലരെപ്പറ്റി പഴയ മുസ്‌ലിംകൾക്ക് സംശയമുണ്ടായി. ഇവർ സത്യസന്ധമായി ഇസ്‌ലാമിനെ അംഗീകരിച്ചവർ തന്നെയാണോ? ഇസ്‌ലാമികാദർശങ്ങളിലും നടപടികളിലും ഇവർക്ക് ശരിക്കും വിശ്വാസമുണ്ടോ? അതോ ശക്തിയും സ്വാധീനവുമുള്ളവരുടെ പക്ഷത്ത് നിലയുറപ്പിക്കുക എന്ന സ്വാർഥ ചിന്തയാണോ ഇവരെ ഇസ്‌ലാമിലേക്കാകർഷിച്ചത്? ഇങ്ങനെ സംശയിക്കപ്പെട്ടവരിൽ എന്തെങ്കിലും വീഴ്ച കണ്ടാൽ ഉടനെ അവരെ കപടവിശ്വാസികളോ അവിശ്വാസികളോ ആയി മുദ്രയടിക്കാൻ ചിലർ തയ്യാറാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ നബി (സ) ശിഷ്യന്മാരെ പഠിപ്പിക്കുകയാണ്: നാം നമസ്കരിക്കുന്നതുപോലെ നമ്മുടെ ഖിബ്‌ലക്ക് അഭിമുഖമായി നമസ്കരിക്കുകയും നാം അറുത്തത്, അഥവാ നമ്മുടെ ഭക്ഷണം തിന്നുകയും ചെയ്യുന്നവരെയെല്ലാം നിങ്ങൾ മുസ്‌ലിംകളായിത്തന്നെ പരിഗണിക്കണം. അവർ യഥാർഥത്തിൽ തന്നെ വിശ്വാസികളാണോ, അവരുടെ ഉള്ളിൽ കാപട്യം കുടിയിരിപ്പുണ്ടോ എന്നൊന്നും ചുഴിഞ്ഞുനോക്കേണ്ട ഉത്തരവാദിത്വം നിങ്ങൾക്കില്ല. അതെല്ലാം അല്ലാഹുവിന്റെ ഉത്തരവാദിത്വമാണ്. അവരുടെ സംരക്ഷണവും അല്ലാഹുവിന്റെ ഉത്തരവാദിത്വമാണ്. നിങ്ങൾ അവരെ അപമാനിക്കുകയോ മർദിക്കുകയോ ചെയ്യുന്നത് മുസ്‌ലിം എന്ന നിലക്ക് അല്ലാഹു ഏറ്റെടുത്തിട്ടുള്ള അവരുടെ സംരക്ഷണോത്തരവാദിത്വത്തിന്റെ ലംഘനമാകുന്നു.

മുസ്‌ലിംകളായി അംഗീകരിക്കപ്പെട്ടവരെയെല്ലാം സമന്മാരും സഹോദരന്മാരുമായി കരുതുകയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് നിങ്ങളുടെ കടമയാണ്. സംശയത്തിന്റെ പേരിൽ അവരോട് നിസ്സഹകരിക്കുകയോ അവരെ ദ്രോഹിക്കുകയോ അവർ അവിശ്വാസികളോ കപടവിശ്വാസികളോ ആണെന്ന് പ്രചരിപ്പിക്കുകയോ ചെയ്യരുത്. അത്തരം സമീപനം അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിൽ കൈയിടുക എന്ന മഹാ അപരാധമാകുന്നു.

തെറ്റുകുറ്റങ്ങളുടെയോ അഭിപ്രായഭിന്നതകളുടെയോ പേരിൽ മുസ്‌ലിംകളെ കൂട്ടത്തോടെ ഇസ്‌ലാമിൽനിന്ന് പുറംതള്ളി കാഫിറുകളും മുശ്‌രിക്കുകളുമായി മുദ്രയടിക്കുന്നവർ ഈ നബിവചനം സശ്രദ്ധം പഠിക്കേണ്ടതാണ്. മുസ്‌ലിമാണെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഒരാളുടെ കർമജീവിതത്തിന്റെ വിശദാംശങ്ങളോ അഭിപ്രായങ്ങളോ നോക്കിയല്ല, ആ പ്രഖ്യാപനത്തെ വിലയിരുത്തേണ്ടത്. അയാൾ നമസ്കരിക്കുന്നുണ്ടോ, മുസ്‌ലിംകളുടെ ഭക്ഷണം കഴിക്കുന്നുണ്ടോ അഥവാ സാമൂഹികജീവിതത്തിൽ മുസ്‌ലിംകളുമായി ഇണങ്ങിക്കഴിയുന്നുണ്ടോ എന്നേ നോക്കേണ്ടതുള്ളൂ. അതു രണ്ടും ഉണ്ടെങ്കിൽ അയാൾ മുസ്‌ലിംതന്നെയാണ്. പിന്നെ ആർക്കും അയാളെ മുശ്‌രിക്കെന്നോ കാഫിറെന്നോ വിളിക്കാൻ അവകാശമില്ല. അയാളുടെ ഉള്ളിൽ ശിർക്കോ കുഫ്റോ അവശേഷിക്കുന്നുണ്ടെങ്കിൽ അത് അല്ലാഹു ചോദിച്ചുകൊള്ളും.

നമസ്കാരത്തിന്റെ പ്രാധാന്യമാണ് ഈ ഹദീസ് ഊന്നിപ്പറയുന്ന മറ്റൊരു സംഗതി. മുസ്‌ലിമിന്റെ പ്രഥമലക്ഷണമാണ് നമസ്കാരം. മുസ്‌ലിമിനെയും കാഫിറിനെയും തമ്മിൽ വേർതിരിക്കുന്ന പ്രധാനലക്ഷണമാണ് നമസ്കാരം എന്നും ചില ഹദീസുകളിൽ വന്നിട്ടുണ്ട്. അപ്പോൾ നമസ്കാരം ഉപേക്ഷിക്കുന്നവൻ താൻ മുസ്‌ലിമാണെന്ന് സ്വയം വാദിച്ചാലും കാഫിറെന്നോ മുശ്‌രിക്കെന്നോ വിളിക്കപ്പെടാൻ അർഹനാണെന്നർഥം.